LIBRARY ARCHIVES Kerala Legislative Assembly

വിമാന സർവ്വീസുകൾ

31 [3725] *ശ്രീ. എം. എ. ചന്ദ്രശേഖരൻ:*

„ *വർക്കല കഹാർ:*

„ *ലൂഡി ലൂയിസ്:*

„ *എൻ. ഡി. അപ്പച്ചൻ:*

„ *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് ചെലവു കുറഞ്ഞ വിമാന സർവ്വീസ് നടത്തുവാൻ വിമാന കമ്പനികൾ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം വിമാനത്താവളങ്ങളിൽ നിന്നാണ് ഇത്തരം വിമാന സർവ്വീസുകൾ ആരംഭിക്കുന്നത്;

(സി) ഏതെല്ലാം വിമാന കമ്പനികൾ ഇതിനുവേണ്ടി മുൻകൈ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന്.

(സി) എയർ അറേബ്യയും എയർ ഡക്കാനും.

സംസ്ഥാനം നൽകുന്ന അവാർഡുകൾ

32 [3726] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നൽകി വരുന്ന ഭാരത് രത്ന മുതലായ പുരസ്ക്കാരങ്ങളുടെ മാതൃകയിൽ സംസ്ഥാനത്ത് അതിവിശിഷ്ട സേവനം അനുഷ്ഠിച്ചിട്ടുള്ള മഹത് വ്യക്തികളെ അവാർഡു നൽകി ആദരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ഇപ്പോൾ നൽകിവരുന്ന അവാർഡുകളുടെ വിശദവിവരം അറിയിക്കുമോ;

(സി) നിലവിലുള്ള അവാർഡുകൾ ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.